(ബി) ഔഷധ വിതരണക്കാരുടെ സംഘടനയുടെ സമ്മർദ്ദംമൂലം ജീവൻ രക്ഷാ മരുന്നുകൾ ഉൾപ്പെടെ വളരെ പ്രധാനപ്പെട്ടതും ഏറ്റവും കൂടുതൽ ചെലവേറിയതുമായ പല മരുന്നുകളും നീതി മെഡിക്കൽ സ്റ്റോറുകളിലൂടെ സുഗമമായി ലഭ്യമാക്കാൻ സർക്കാർ എടുത്ത ശക്തമായ നിലപാടുകളുടെയും ഇടപെടലുകളുടെയും ഫലമായി സാധിച്ചു. നീതി മെഡിക്കൽ സ്റ്റോറുകളിൽ ആവശ്യത്തിന് മരുന്നില്ലാത്ത സ്ഥിതിവിശേഷം ഇപ്പോൾ നിലവിലില്ല.

(സി) പ്രധാനപ്പെട്ട കമ്പനികളുടെ മരുന്നുകൾ അവരുടെ അംഗീകൃത ഏജൻസികൾ മുഖേന മാത്രമേ ലഭ്യമാക്കൂ. നീതി മെഡിക്കൽ സ്റ്റോറുകളിലേക്കുള്ള മരുന്നുകൾ ഈ അംഗീകൃത ഏജന്റുമാരിൽ നിന്നും വാങ്ങുന്നതിന് കേന്ദ്രീകൃത പർച്ചേസ് സംവിധാനമാണ് പരമാവധി സ്വീകരിച്ചിട്ടുള്ളത്. പ്രാദേശികമായി ഡോക്ടർമാർ കുറിച്ചു കൊടുക്കുന്ന മരുന്നുകൾ കേന്ദ്രീകൃതമായി വാങ്ങാൻ സാധിക്കാത്തതിനാൽ നിയന്ത്രണങ്ങൾക്ക് വിധേയമായി ലോക്കൽ പർച്ചേസ് നടത്തുന്നുണ്ട്.

(ഡി) എം.ആർ.പി-യേക്കാൾ ശരാശരി 12 ശതമാനം മുതൽ 40 ശതമാനം വരെ വിലക്കുറവിലാണ് നീതി മെഡിക്കൽ സ്റ്റോറുകളിലൂടെ ഔഷധങ്ങൾ വിൽക്കുന്നത്.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 290 നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിച്ചു. കൺസ്യൂമർ ഫെഡറേഷൻ നേരിട്ട് നടത്തുന്ന 57 നീതി മെഡിക്കൽ സ്റ്റോറുകളും സഹകരണ സ്ഥാപനങ്ങൾ നടത്തുന്ന 233 സ്ഥാപനങ്ങളും ഉൾപ്പെടെ ആകെ 290 നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്. എല്ലാ പഞ്ചായത്തുകളിലും നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

കാർഷിക വിപണന സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നടപടികൾ

23(*293) ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക വിപണന സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) കാർഷിക മൊത്ത വ്യാപാര വിപണികൾ ശക്തിപ്പെടുത്തുന്നതിനായി എവിടെയൊക്കെയാണ് ഇ.ഇ.സി. വിപണികൾ ആരംഭിച്ചിട്ടുള്ളത് ; ഇത്തരം വിപണികളിൽ എന്തൊക്കെ കർഷക രക്ഷാപദ്ധതികളാണ് നടപ്പിലാക്കിവരുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കാർഷികോൽപ്പന്നങ്ങൾക്ക് വിലത്തകർച്ച നേരിടുന്ന കാലയളവിൽ കർഷകർക്ക് വില സംരക്ഷണം നൽകുന്നതിന് കർഷക രക്ഷാ പദ്ധതിയിൻ കീഴിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത് ;

(ഡി) കാർഷിക പ്രാതിനിധ്യം ഉറപ്പുവരുത്തിക്കൊണ്ട് അഗ്രികൾച്ചറൽ പ്രൊഡ്യൂസർ കമ്പനികൾ സ്ഥാപിക്കുന്നതിന് ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : സർ,

(എ) സംസ്ഥാനത്തെ കാർഷിക വിപണന സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കൃഷി വകുപ്പിന്റെ കീഴിൽ 6 ഇ.ഇ.സി. മാർക്കറ്റുകളും, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. എന്നീ സ്ഥാപനങ്ങളും സജീവമായി പ്രവർത്തിച്ചുവരുന്നു. ഹോർട്ടികോർപ്പ് നിലവിൽ 110 വിൽപ്പന കേന്ദ്രങ്ങൾ അവരുടെ നേതൃത്വത്തിൽ നടത്തിവരുന്നു. സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിലായുള്ള 6 ഇ.ഇ.സി. മാർക്കറ്റുകളിൽ കർഷകർക്ക് അവരുടെ ഉൽപന്നങ്ങൾ നേരിട്ട് വിപണനം നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. പഴം, പച്ചക്കറി കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് ഇടനിലക്കാരെ ഒഴിവാക്കി ന്യായവില ഉറപ്പാക്കിക്കൊണ്ടുള്ള കൂട്ടായ വിപണനം എന്ന പദ്ധതി വി.എഫ്.പി.സി.കെ. വിഭാവനം ചെയ്തു നടപ്പാക്കിവരുന്നു.

(ബി) സംസ്ഥാനത്ത് വിവിധ ജില്ലകളിലായി ആറ് (6) ഇ.ഇ.സി. മൊത്തവ്യാപാര വിപണികൾ പ്രവർത്തിച്ചുവരുന്നുണ്ട്.

1. അർബൻ കാർഷിക മൊത്തവ്യാപാര വിപണി-ആനയറ, തിരുവനന്തപുരം
2. അർബൻ കാർഷിക മൊത്തവ്യാപാര വിപണി, മരട്, എറണാകുളം
3. അർബൻ കാർഷിക മൊത്തവ്യാപാര വിപണി, വേങ്ങേരി, കോഴിക്കോട്
4. ഗ്രാമീണ കാർഷിക മൊത്തവ്യാപാര വിപണി, നെടുമങ്ങാട്, തിരുവനന്തപുരം
5. ഗ്രാമീണ കാർഷിക മൊത്തവ്യാപാര വിപണി, മൂവാറ്റുപുഴ, എറണാകുളം
6. ഗ്രാമീണ കാർഷിക മൊത്തവ്യാപാര വിപണി, സുൽത്താൻ ബത്തേരി, വയനാട്

പ്രസ്തുത വിപണികളിൽ കർഷകർക്ക് അവരുടെ ഉൽപന്നങ്ങൾ നേരിട്ടു കൊണ്ടുവന്ന് വിലപം ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. ഇതിലൂടെ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കാൻ സാധിക്കുന്നുണ്ട്. കർഷകരുടെ ഉൽപന്നങ്ങൾ നേരിട്ട് വിപണനം നടത്തുവാൻ 2009-2010 വർഷം മൂവാറ്റുപുഴ, നെടുമങ്ങാട്, വേങ്ങേരി, സുൽത്താൻ ബത്തേരി തുടങ്ങിയ മാർക്കറ്റുകളിലേക്ക് 82.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 2010-11 വർഷം 27.50 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly

വേങ്ങേരി മാർക്കറ്റിനും 30 ലക്ഷം രൂപ സുൽത്താൻ ബത്തേരി മാർക്കറ്റിനും അനുവദിച്ചു. ഇതിനു പുറമേ കർഷകർക്ക് ട്രാൻസ്പോർട്ട് സബ്സിഡി നൽകുന്നതിനുവേണ്ടി ആനയറ നെടുമങ്ങാട്, മരട്, മൂവാറ്റുപുഴ വിപണികൾക്ക് 5 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്.

(സി) കാർഷിക മേഖലയിലുണ്ടാകുന്ന പ്രതിസന്ധിയെ നേരിട്ട കർഷകർക്ക് ഒരളവുവരെ ആശ്വാസം പകരുന്നതിന്, കമ്മോഡിറ്റി സേഫ്റ്റി നെറ്റ് എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. നാല് (4) ഹെക്ടർ വരെ കൈവശ ഭൂമിയുള്ള കർഷകരെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. കുരുമുളക്, അടയ്ക്കാ, ഇഞ്ചി, കൊക്കോ, വാനില, കാപ്പി തുടങ്ങിയ വിളകളാണ് ഈ പദ്ധതിയുടെ പരിധിയിൽ വരുന്നത്. മേൽപ്പടി വിളകൾക്ക് ഒരു നിശ്ചിത അളവിൽ താഴെ വിലയിടിയുമ്പോൾ പദ്ധതിയിൽ നിന്നും കർഷകർക്ക് ധനസഹായം അനുവദിക്കുന്നതാണ്. പ്രസ്തുത പദ്ധതിക്ക് കോർപ്പസ് ഫണ്ടായി 10 കോടി രൂപ അനുവദിച്ചു. പ്രസ്തുത തുക കൃഷി ഡയറക്ടറുടെ സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. കൂടുതൽ വിളകളെ പ്രസ്തുത പരിപാടിയിൽ ഉൾപ്പെടുത്തുന്നതിന് ഒരു സാങ്കേതിക കമ്മിറ്റി സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) അഗ്രികൾച്ചറൽ പ്രൊഡ്യൂസർ കമ്പനികൾ സ്ഥാപിക്കുന്ന കാര്യം കൃഷി വകുപ്പിന്റെ പരിഗണനയിലില്ല. എന്നാൽ കൃഷി വകുപ്പുമായി ബന്ധപ്പെട്ട 6 ഇ.ഇ.സി. മാർക്കറ്റുകളുടെ സുഗമമായ പ്രവർത്തനത്തിനുവേണ്ടി ഓരോ കാർഷിക മൊത്ത വ്യാപാര കേന്ദ്രത്തിനും ബന്ധപ്പെട്ട ജില്ലാ കളക്ടർ ചെയർമാനായിട്ടുള്ള ഒരു മാർക്കറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി നിലവിലുണ്ട്.

കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ കൈവരിച്ച നേട്ടങ്ങൾ

24(*294) ശ്രീ. എ. എം. ആരിഫ് :
ശ്രീ. സി. എം. ദിനേശ്മണി :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എജ്യൂക്കേഷൻ കൈവരിച്ച നേട്ടങ്ങൾ വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സഹകരണ സംഘത്തിന് കീഴിലുള്ള കൊച്ചി മെഡിക്കൽ കോളേജിന്റെ വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(സി) കൊച്ചി മെഡിക്കൽ കോളേജിന്റെ സാറ്റലൈറ്റ് യൂണിറ്റായി പുന്നപ്രയിൽ ആരംഭിച്ച സഹകരണ ആശുപത്രിയിൽ ഏതെല്ലാം ചികിൽസാ യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly